(ഡി) രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മേഖലയ്ക്ക് മറക്കാനാകാത്ത സംഭാവന നൽകിയ മൺമറഞ്ഞ മഹാമഹന്മാരെക്കുറിച്ചുള്ള പുസ്തകങ്ങൾ പല ലൈബ്രറികളിലും വാങ്ങാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഇത് പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിനുകീഴിലുള്ള 2191 സഹകരണ സംഘങ്ങളിലാണ് ലൈബ്രറികൾ ആരംഭിച്ചിട്ടുള്ളത്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) സഹകരണ സംഘങ്ങളിൽ പരിശോധന നടത്തുമ്പോൾ സഹകരണ ലൈബ്രറികളുടെ പ്രവർത്തനവും പരിശോധിക്കേണ്ടതാണെന്ന നിർദ്ദേശം യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(സി) സഹകരണ ലൈബ്രറികൾ സംഘാംഗങ്ങൾക്കും പൊതു ജനങ്ങൾക്കും ഗുണകരമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ 13/2015-ാം നമ്പർ സർക്കുലറിലൂടെ നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സഹകരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

85 (4667) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളുടെ സ്വന്തം ബിസിനസ് ആവശ്യാർത്ഥം ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇളവുകൾ നൽകണമെന്നുള്ള ആവശ്യം പരിശോധിച്ചുവരുന്നു. കൂടാതെ റിട്ട് അപ്പീൽ നമ്പർ 1216/2007-ൽ 18-12-2014-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾബെഞ്ച് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംഘവുമായി ബന്ധപ്പെട്ട ബിസിനസ്സിൽ സംഘം എക്സിക്യൂട്ട് ചെയ്യുന്ന ആധാരങ്ങളിന്മേൽ മാത്രമേ ലഭിക്കുകയുള്ളുവെന്ന് വിധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly